EA 4   1/2 17653

20 JUL 2018

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം യൂണിറ്റുകളിലെ ജൂനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ തസ്തിക ഡെപ്യൂട്ടേഷൻ വ്യവസ്ഥ മാറ്റി സ്ഥിരം തസ്തിക ആക്കുന്നത് സംബന്ധിച്ച് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ ബി) വകുപ്പ്

സ.ഉ. (സാധാ) നം. 1971/2018/തസ്വഭവ.     തിരുവനന്തപുരം, തീയതി, 19.07.2018.

---

പരാമർശം:- 1) ഗ്രാമവികസന കമ്മീഷണറുടെ 06.09.2016 ലെ 2721/P&M2/2016/സി.ആർ.ഡി. നമ്പർ കത്ത്.

2) സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് ഡയറക്ടറുടെ 24.03.2018 ലെ ഇ എ(1) 3021/2012/ഡി.ഇ.എസ്.

**ഉത്തരവ്**

സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പിലെ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് 1 തസ്തികയിലെ ജീവനക്കാർക്ക് ഗ്രാമവികസന വകുപ്പിന് കീഴിലുള്ള ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രൊജക്ട് ഓഫീസുകളിൽ ജൂനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ തസ്തികകളിൽ അന്യത്ര സേവനം നിർത്തലാക്കി നേരിട്ടുള്ള നിയമനം നടപ്പിലാക്കണമെന്ന് ഗ്രാമവികസന കമ്മീഷണർ പരാമർശം (1) പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജൂനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ തസ്തികയിലേയ്ക്കുള്ള ഡെപ്യൂട്ടേഷൻ നിയമനങ്ങൾ നിർത്തലാക്കിക്കൊണ്ടും ഇപ്പോൾ ഡെപ്യൂട്ടേഷനിൽ തുടരുന്ന ജീവനക്കാർക്ക് ടി കാലാവധി അവസാനിയ്ക്കുന്നതുവരെ തുടരുന്നതിനും മേലിൽ ഗ്രാമവികസന വകുപ്പിലെ ജൂനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് നിയമനാധികാരിയായ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടർ ജനറൽ മുഖേന നിയമനം നടത്തുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

20/7/18   21/7   21/7

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**മിനി എം. ആർ**
അണ്ടർ സെക്രട്ടറി

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ വിഭാഗം, തിരുവനന്തപുരം
ഡയറക്ടർ ജനറൽ, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, തിരുവനന്തപുരം
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് ഓഫീസർ (വെബ് & ന്യൂ മീഡിയ)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

മേലെഴുത്ത് നമ്പർ. ഇഎ(1) 30121/2017/ഡിഇഎസ്(1) ഉത്തരവിൻ പ്രകാരം
തീയതി: 02/08/2018

ഉത്തരവിന്റെ പകർപ്പ് ജീവനക്കാരുടെ അറിവിലേക്കായി വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

സെക്ഷൻ ഓഫീസർ

ഡയറക്ടർ ജനറലിനുവേണ്ടി.